**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 509** **08-10-2024 - ൽ മറുപടിയ്ക്ക്**

**സംസ്ഥാനത്തിന്റെ സാമ്പത്തിക സ്ഥിതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. കെ. ബഷീർ | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനം ഗുരുതരമായ സാമ്പത്തിക പ്രതിസന്ധി നേരിടുന്ന സാഹചര്യത്തിൽ ഇതിനുള്ള കാരണങ്ങൾ എന്തെല്ലാമാണെന്ന് പരിശോധിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ; | (എ) | പ്രകൃതി ദുരന്തങ്ങൾ, നോട്ട് നിരോധനം, കേന്ദ്ര ധനകാര്യ കമ്മീഷനുകൾ കേന്ദ്ര നികുതി വിഹിതം നിശ്ചയിക്കുന്നതിലെ മാനദണ്ഡങ്ങളിൽ വരുത്തിയ മാറ്റം മൂലം സംസ്ഥാനത്തിന് നികുതി വിഹിതത്തിൽ വന്ന കുറവ്, കേന്ദ്രാവിഷ്കൃത പദ്ധതികളിലെ ചെലവ് പങ്കിടൽ ഘടന സംസ്ഥാനങ്ങൾക്ക് അധിക ബാദ്ധ്യത വരുന്ന രീതിയിൽ ഭേദഗതി ചെയ്തതും സംസ്ഥാനത്ത് നടപ്പിലാക്കി വരുന്ന കേന്ദ്രാവിഷ്കൃത പദ്ധതികളിൽ കേന്ദ്ര സർക്കാർ അനുശാസിക്കുന്ന Branding/naming മാർഗ്ഗനിർദ്ദേശങ്ങൾ പാലിച്ചിട്ടില്ലായെന്ന കാരണമുയർത്തി കേന്ദ്ര ധന കൈമാറ്റത്തിൽ കുറവ് വരുത്തിയതുമാണ് മേൽ പ്രതിപാദിത സാമ്പത്തിക ഞെരുക്കത്തിന് പ്രധാനമായും ഇടയാക്കിയിട്ടുള്ളത്.<br><br>പബ്ലിക് അക്കൗണ്ടിലെ നീക്കിയിരിപ്പും സർക്കാരിന് കീഴിലെ സ്ഥാപനങ്ങൾ എടുത്ത വായ്പകളും, സർക്കാർ കടമായി കണക്കിലെടുത്ത്, സംസ്ഥാന സർക്കാരിന്റെ കടമെടുപ്പ് പരിധിയിൽ വെട്ടിക്കുറവ് വരുത്തുന്ന സമീപനം കേന്ദ്ര സർക്കാർ സ്വീകരിച്ചത് സ്ഥിതി കൂടുതൽ വഷളാക്കി.<br><br>സംസ്ഥാനത്തിന്റെ വരുമാനത്തിലെ ഭീമമായ കുറവ് തനത് വരുമാനവർദ്ധനവിലൂടെ നികത്തുവാൻ സാദ്ധ്യമല്ല. അതേ സമയം, ചെലവുകളിന്മേൽ മേൽ പ്രതിപാദിച്ച കുറവിന് ആനുപാതികമായി വെട്ടിച്ചുരുക്കൽ വരുത്തുക പ്രായോഗികമല്ല. ഇതാണ് നിലവിലെ സാമ്പത്തിക ബുദ്ധിമുട്ടിന്റെ അടിസ്ഥാന കാരണം.<br><br>ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം മുൻ വർഷങ്ങളെ അപേക്ഷിച്ച് സംസ്ഥാനത്തിന്റെ തനതു വരുമാനത്തിൽ ഗണ്യമായ വർധനവാണ് ഉണ്ടായിട്ടുള്ളത്. തനതു വരുമാനത്തിൽ ഉണ്ടായ വർധനവിന്റെ വർഷം തിരിച്ചുള്ള വിശദാംശം ചുവടെ പട്ടികയായി ചേർക്കുന്നു. |

| സാമ്പത്തിക വർഷം | സംസ്ഥാനത്തിന്റെ തനത് വരുമാനം | വർധനവിന്റെ ശതമാനം |
|---|---|---|
| | തുക കോടിയിൽ | |
| 2021-22 | 68803.03 | 25.12% |

| | | |
|---|---|---|
| 2022-23 | 87086.12 | 26.57% |
| 2023-24* | 90674.97 | 4.12% |

*അക്കൗണ്ടന്റ് ജനറലിന്റെ പ്രാരംഭ കണക്ക് പ്രകാരം

(ബി) വിവിധ മേഖലകളിലായി വിതരണം ചെയ്യേണ്ട ആനുകൂല്യങ്ങൾ, വിവിധ വകുപ്പകൾക്ക് നൽകുനുള്ള കുടിശിക, കോൺട്രാക്ടർമാർക്ക് നൽകുവാനുള്ള കുടിശിക എന്നിവ നൽകുന്നതിനായി എത്ര തുക വേണ്ടി വരുമെന്ന് കണക്കാക്കിയിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) വിവിധ മേഖലകളിലായി നടപ്പ് സാമ്പത്തിക വർഷം വിതരണം ചെയ്യുവാൻ ഉദ്ദേശിക്കുന്ന തുക ബജറ്റിൽ വകയിരുത്തിയിട്ടുണ്ട്. വകുപ്പകൾക്ക് നൽകുവാനുള്ള കുടിശ്ശിക നിലവിൽ കൃത്യമായി തിട്ടപ്പെടുത്തിയിട്ടില്ല. കരാറുകാരുടെ ബില്ലുകൾ സംസ്ഥാനതല മുൻഗണനാക്രമം പാലിച്ചും കൃത്യമായ സമയക്രമം നിശ്ചയിച്ചുമാണ് തീർപ്പാക്കി വരുന്നത്. ഇപ്രകാരം ബില്ലുകൾ തീർപ്പാക്കുന്നതിന് ആവശ്യമായ അധിക തുക അനുവദിച്ച് ബില്ലുകൾ നിശ്ചിത സമയത്ത് തീർപ്പാക്കി വരുന്നുണ്ട്. പൊതുമരാമത്ത് വകുപ്പിൽ 2024 ജനുവരി മാസം വരെയും ജലവിഭവം, ഹാർബർ എഞ്ചിനീയറിംഗ് എന്നീ വകുപ്പകളിൽ 2024 മേയ് മാസം വരെയുമുള്ള ബില്ലുകളുടെ തുക നൽകിയിട്ടുണ്ട്. കൂടാതെ കാരറുകാരുടെ ബില്ലുകൾക്ക് ബി.ഡി.എസ്. സംവിധാനവും നിലവിലുണ്ട്.

(സി) 2011 മുതൽ 2024 വരെ ഓരോ വർഷവും സർക്കാരിന് വിവിധ മാർഗങ്ങളിലൂടെ ലഭിച്ച വരുമാനം കേന്ദ്ര വിഹിതം ഉൾപ്പെടെ എത്രയാണെന്നും അവയിൽ ഓരോ വർഷവും ചെലവഴിച്ച തുക എത്രയാണെന്നും വിശദമാക്കുമോ;

(സി) സംസ്ഥാനത്തിന്റെ തനത് നികുതി നികുതിയേതര വരുമാനം, കേന്ദ്ര നികുതി വിഹിതം, കേന്ദ്രത്തിൽ നിന്നുള്ള ഗ്രാൻറ് ഇൻ എയ്ഡ് എന്നീയിനങ്ങളിലായി 2011 മുതൽ 2024 വരെയുള്ള സാമ്പത്തിക വർഷങ്ങളിൽ സംസ്ഥാനത്തിന് ലഭ്യമായ ആകെ റവന്യൂ വരുമാനത്തിന്റേയും പ്രസ്തുത വർഷങ്ങളിലെ റവന്യൂ ചെലവിന്റേയും വിശദാംശം ചുവടെ പട്ടികയായി ചേർക്കുന്നു.

| സാമ്പത്തിക വർഷം | റവന്യൂ വരവ് | റവന്യൂ ചെലവ് |
|---|---|---|
| | തുക കോടിയിൽ | |
| 2011-12 | 38010.36 | 46044.62 |
| 2012-13 | 44137.31 | 53488.75 |
| 2013-14 | 49176.94 | 60485.5 |
| 2014-15 | 57950.47 | 71746.44 |
| 2015-16 | 69032.66 | 78689.47 |
| 2016-17 | 75611.72 | 91096.31 |
| 2017-18 | 83020.14 | 99948.35 |
| 2018-19 | 92854.47 | 110316.39 |
| 2019-20 | 90224.67 | 104719.92 |
| 2020-21 | 97616.83 | 123446.33 |
| 2021-22 | 116640.24 | 146179.51 |
| 2022-23 | 132724.65 | 141950.94 |
| 2023-24* | 124486.15 | 142626.34 |

*അക്കൗണ്ടന്റ് ജനറലിന്റെ പ്രാരംഭ കണക്ക് പ്രകാരം

<table>
<tr>
<td>(ഡി)</td>
<td>സംസ്ഥാന സർക്കാർ ജീവനക്കാർക്കും, അദ്ധ്യാപകർക്കും, പെൻഷൻകാർക്കും കുടിശികയായ ഡി.എ., ഡി.ആർ., ലീവ് സറണ്ടർ, ശമ്പളപരിഷ്കരണ കുടിശിക എന്നീ ഇനങ്ങളിൽ നൽകുവാനുള്ള തുക എത്ര; ആയത് നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ;</td>
<td>(ഡി)</td>
<td>സംസ്ഥാന സർക്കാർ ജീവനക്കാർക്കും, അദ്ധ്യാപകർക്കും, പെൻഷൻകാർക്കും കുടിശികയായ ഡി.എ., ഡി.ആർ., ലീവ് സറണ്ടർ, ശമ്പളപരിഷ്കരണ കുടിശിക എന്നീ ഇനങ്ങളിൽ നൽകുവാനുള്ള തുക കൃത്യമായി കണക്കാക്കിയിട്ടില്ല. സർക്കാരിന്റെ സാമ്പത്തിക സ്ഥിതി കൂടി പരിഗണിച്ച് ആനുകൂല്യങ്ങൾ വിതരണം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.</td>
</tr>
<tr>
<td>(ഇ)</td>
<td>ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം മുൻ വർഷങ്ങളെ അപേക്ഷിച്ച് വരുമാനത്തിൽ വർദ്ധനവ് ഉണ്ടായിട്ടുണ്ടോ; എങ്കിൽ എത്ര ശതമാനം വർദ്ധനവ് ഉണ്ടായിട്ടുണ്ടെന്നുള്ള വർഷം തിരിച്ചുള്ള കണക്ക് വെളിപ്പെടുത്തുമോ; വരുമാനത്തിൽ വർദ്ധനവ് ഉണ്ടെങ്കിൽ ഇപ്പോൾ നേരിടുന്ന ഗുരുതര സാമ്പത്തിക പ്രതിസന്ധിക്ക് കാരണം എന്താണ്; വ്യക്തമാക്കുമോ?</td>
<td>(ഇ)</td>
<td>
പ്രകൃതി ദുരന്തങ്ങൾ, നോട്ട് നിരോധനം, കേന്ദ്ര ധനകാര്യ കമ്മീഷനുകൾ കേന്ദ്ര നികുതി വിഹിതം നിശ്ചയിക്കുന്നതിലെ മാനദണ്ഡങ്ങളിൽ വരുത്തിയ മാറ്റം മൂലം സംസ്ഥാനത്തിന് നികുതി വിഹിതത്തിൽ വന്ന കുറവ്, കേന്ദ്രാവിഷ്കൃത പദ്ധതികളിലെ ചെലവ് പങ്കിടൽ ഘടന സംസ്ഥാനങ്ങൾക്ക് അധിക ബാദ്ധ്യത വരുന്ന രീതിയിൽ ഭേദഗതി ചെയ്തതും സംസ്ഥാനത്ത് നടപ്പിലാക്കി വരുന്ന കേന്ദ്രാവിഷ്കൃത പദ്ധതികളിൽ കേന്ദ്ര സർക്കാർ അനുശാസിക്കുന്ന Branding/naming മാർഗ്ഗനിർദ്ദേശങ്ങൾ പാലിച്ചിട്ടില്ലായെന്ന കാരണമുയർത്തി കേന്ദ്ര ധന കൈമാറ്റത്തിൽ കുറവ് വരുത്തിയതുമാണ് മേൽ പ്രതിപാദിത സാമ്പത്തിക ഞെരുക്കത്തിന് പ്രധാനമായും ഇടയാക്കിയിട്ടുള്ളത്.
പബ്ലിക് അക്കൗണ്ടിലെ നീക്കിയിരിപ്പും സർക്കാരിന് കീഴിലെ സ്ഥാപനങ്ങൾ എടുത്ത വായ്പകളും, സർക്കാർ കടമായി കണക്കിലെടുത്ത്, സംസ്ഥാന സർക്കാരിന്റെ കടമെടുപ്പ് പരിധിയിൽ വെട്ടിക്കുറവ് വരുത്തുന്ന സമീപനം കേന്ദ്ര സർക്കാർ സ്വീകരിച്ചത് സ്ഥിതി കൂടുതൽ വഷളാക്കി.
സംസ്ഥാനത്തിന്റെ വരുമാനത്തിലെ ഭീമമായ കുറവ് തനത് വരുമാനവർദ്ധനവിലൂടെ നികത്തുവാൻ സാദ്ധ്യമല്ല. അതേ സമയം, ചെലവുകളിന്മേൽ മേൽ പ്രതിപാദിച്ച കുറവിന് ആനുപാതികമായി വെട്ടിച്ചുരുക്കൽ വരുത്തുക പ്രായോഗികമല്ല. ഇതാണ് നിലവിലെ സാമ്പത്തിക ബുദ്ധിമുട്ടിന്റെ അടിസ്ഥാന കാരണം.
ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം മുൻ വർഷങ്ങളെ അപേക്ഷിച്ച് സംസ്ഥാനത്തിന്റെ തനതു വരുമാനത്തിൽ ഗണ്യമായ വർധനവാണ് ഉണ്ടായിട്ടുള്ളത്. തനതു വരുമാനത്തിൽ ഉണ്ടായ വർധനവിന്റെ വർഷം തിരിച്ചുള്ള വിശദാംശം ചുവടെ പട്ടികയായി ചേർക്കുന്നു.
<table>
<tr><th rowspan="2">സാമ്പത്തിക വർഷം</th><th>സംസ്ഥാനത്തിന്റെ തനത് വരുമാനം</th><th>വർധനവിന്റെ ശതമാനം</th></tr>
<tr><th colspan="2">തുക കോടിയിൽ</th></tr>
<tr><td>2021-22</td><td>68803.03</td><td>25.12%</td></tr>
<tr><td>2022-23</td><td>87086.12</td><td>26.57%</td></tr>
<tr><td>2023-24*</td><td>90674.97</td><td>4.12%</td></tr>
</table>
</td>
</tr>
</table>

| | | | |
|---|---|---|---|
| | | | *അക്കൗണ്ടന്റ് ജനറലിന്റെ പ്രാരംഭ കണക്ക് പ്രകാരം |

സെക്ഷൻ ഓഫീസർ